## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2224** | **08.03.2017-ൽ മറുപടിയ്ക്ക്**

## പലിശയിളവ് പദ്ധതി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | ഉത്തേജന പലിശയിളവ് പദ്ധതി അനുസരിച്ച് സഹകരണ സംഘങ്ങൾ അനുവദിക്കുന്ന വായ്പ പദ്ധതിയിൽ കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നൽകുന്ന ഇളവ് എന്താണ്; വിശദമാക്കുമോ; | (എ) | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിനായി ഉത്തേജന പലിശയിളവ് പദ്ധതി നടപ്പിലാക്കിവരുന്നു. സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട/നാമമാത്ര കർഷകർക്ക് മാത്രമേ ഈ പദ്ധതി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളൂ. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ സർവീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ, കിസാൻ ക്രെഡിറ്റ് കാർഡ്/കാർഷികാവശ്യത്തിന് നൽകുന്ന ക്യാഷ് ക്രെഡിറ്റ് എന്നീ വായ്പകൾക്ക് ഈ പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. 7% പലിശ നിരക്കിലാണ് വായ്പകൾ നൽകുന്നത്. അംഗങ്ങൾ കൃത്യമായി വായ്പ തിരിച്ചടയ്ക്കുമ്പോൾ ബാങ്കുകൾക്ക് ലഭിക്കേണ്ട 7% പലിശയിൽ 4% പലിശ സംസ്ഥാന സർക്കാരിൽ നിന്നും കിട്ടാനുള്ളതായും, 3% പലിശ നബാർഡിൽ നിന്നും കിട്ടാനുള്ളതായും കണക്കാക്കുന്നു. |

| | |
|---|---|
| (ബി) ക്യാഷ് ക്രെഡിറ്റ്, കിസാൻ ക്രെഡിറ്റ് കാർഡ് മുഖേന വായ്പകൾ എടുക്കുന്നവർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പലിശയിളവ് ലഭിക്കുന്നില്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) ഇത്തരം പരാതി ലഭിച്ചിട്ടില്ല. |
| (സി) കേന്ദ്ര-സംസ്ഥാന സർക്കാർ ആനുകൂല്യങ്ങൾ വായ്പക്കാരന് നൽകാത്ത സംഘങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ; | (സി) യും (ഡി) യും പരാതി ലഭിച്ചാൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. |
| (ഡി) സഹകരണ സംഘം രജിസ്ട്രാർ ഇത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ